# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 625

09.02.2016-ൽ മറുപടിക്ക്.

### ഹജ്ജ് തീർത്ഥാടനം സംബന്ധിച്ച്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് എന്തെല്ലാം ഒരുക്കങ്ങളാണ് സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയ്തിരിക്കുന്നത് എന്ന് വിശദമാക്കുമോ; | : (എ) കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി ഈ വർഷവും ഹജ്ജ് അപേക്ഷ സ്വീകരിക്കുന്നതിനു വിപുലമായ ഒരുക്കങ്ങളാണ് ചെയ്തിട്ടുള്ളത്. അപേക്ഷകർക്ക് അപേക്ഷ ഫോറങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിന് സൗകര്യമുണ്ട്. അക്ഷയ കേന്ദ്രം സംരംഭകർക്ക് ഈ വിഷയത്തിൽ വിശദമായ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ഓഫ് ലൈനിൽ അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകർക്ക് സൗജന്യ സേവനം നൽകുന്നതിന് സംസ്ഥാനത്തൊട്ടാകെ ട്രെയിനർമാരെ നിയോഗിക്കുകയും അവരുടെ മൊബൈൽ നമ്പരുകൾ പത്രത്തിലും വെബ് സൈറ്റിലും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 70 വയസ്സിനു മുകളിൽ പ്രായമുള്ളവരും, 5-ാം വർഷം അപേക്ഷിക്കുന്നവരും പാസ്പോർട്ട് ഹാജരാക്കണമെന്നുള്ളതിനാൽ അവ നേരിട്ടു സ്വീകരിക്കുവാൻ ഹജ്ജ് കമ്മിറ്റി ഓഫീസിൽ വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടന്നുവരികയാണ്. കവർ നമ്പരുകൾ അയച്ചുകൊടുക്കാൻ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഇപ്രാവശ്യം കൂടുതൽ പേർക്ക് ഹജ്ജിന് പോകുന്നതിനുള്ള അനുമതിക്കായി കേന്ദ്രത്തെ സമീപിച്ചിട്ടുണ്ടോ; | : (ബി) ഈ വർഷം കൂടുതൽ ക്വാട്ട അനുവദിച്ചുകിട്ടുന്നതിന് കേന്ദ്ര ഹജ്ജ് കമ്മിറ്റിയിലും കേന്ദ്ര സർക്കാരിലും ശക്തമായ സമ്മർദ്ദം സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെലുത്തുന്നുണ്ട്. ഹജ്ജ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ ഒരു നിവേദക സംഘം കേന്ദ്ര വിദേശകാര്യ സഹമന്ത്രിയെ നേരിട്ടു കാണുകയും വിഷയം ചർച്ച ചെയ്യുകയും ചെയ്തു. അനുകൂലമായ പ്രതികരണമാണ് കേന്ദ്ര സർക്കാരിൽനിന്നും കേന്ദ്ര ഹജ്ജ് കമ്മിറ്റിയിൽ നിന്നും ഉണ്ടായിട്ടുള്ളത്. |

(സി) ഈ വർഷത്തെ ഹജ്ജ് തീർത്ഥാനയാത്ര കരിപ്പൂർ വിമാനത്താവളം വഴിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

: (സി) കരിപ്പൂർ വിമാനത്താവളത്തിലെ അറ്റകുറ്റപ്പണികൾ ഉടനെ തീരാൻ സാദ്ധ്യതയുള്ളതിനാൽ ഈ വർഷം ഹജ്ജ് വിമാനങ്ങൾ കരിപ്പൂരിൽനിന്നുതന്നെ ആരംഭിക്കുവാനാവശ്യമായ അനുവാദം നൽകാൻ നടപടികൾ എടുക്കണമെന്ന് വ്യോമയാന മന്ത്രിയോടും മറ്റുബന്ധപ്പെട്ടവരോടും സംസ്ഥാന ഹജ്ജ് കമ്മിറ്റി അഭ്യർത്ഥിച്ചിട്ടുണ്ട്.

VBeena

സെക്ഷൻ ഓഫീസർ